തച്ചോണം എൽ. പി. സ്കൂൾ

# അനുഗാമി

# ഉള്ളടക്കം


1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയത്തിന്റെ ലഘുചരിത്രം

4. വിദ്യാലയം മികവിന്റെ കേന്ദ്രം

5. നിലവിലുള്ള അവസ്ഥ വിശകലനം.

6. മികവിനായി ചെയ്യേണ്ട പ്രവർത്തനങ്ങൾ

7. പദ്ധതി വിശദാംശങ്ങൾ

8. പ്രതീക്ഷിത നേട്ടങ്ങൾ

9. മോണിറ്ററിംഗ്

10. ഉപസംഹാരം

12. അനുബന്ധം.

സ്കൂളിന്റെ പേര് : തച്ചോണം L.P.S

സ്കൂൾ കോഡ് : 40225

വിദ്യാഭ്യാസ ജില്ല : പുനലൂർ

റവന്യൂ ജില്ല : കൊല്ലം

ഉപജില്ല : ചടയമംഗലം

നിയോജക മണ്ഡലം : ചടയമംഗലം

ഗ്രാമ പഞ്ചായത്ത് : കുമ്മിൾ

വാർഡ് : മുള്ളക്കര

പോസ്റ്റ് ഓഫീസ് : വട്ടത്താമര.

ബി. ആർ. സി : ചടയമംഗലം

സി. ആർ. സി : മങ്കാട്

ഇ. മെയിൽ : thachonamlps@gmail.

# ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളും എഴുത്തിലും വായനയിലും ആസ്വാദന പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നു.
* ഡിജിറ്റൽ, ലൈബ്രറി, ക്ലാസ് ലൈബ്രറി, വീട്ടു ലൈബ്രറി തുടങ്ങിയവയുടെ സേവനം ഉറപ്പാക്കുന്നു.
* വിവേചനരഹിതമായ വിദ്യാലയം
* സാമൂഹിക ഇടപെടൽ കൂടുതൽ ശക്തമാക്കുക
* ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യൽ
* കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
* പ്ലാസ്റ്റിക് രഹിത വിദ്യാലയം
* ഗണിതപരമായ ചിന്താശേഷി പരിപോഷിക്കൽ
* കുട്ടിയെ ചതുഷ്ക്രിയകൾ ചെയ്യാൻ പ്രാപ്തരാക്കൽ
* സംഖ്യാബോധം ഉറപ്പിക്കൽ
* കുട്ടികളിൽ ശാസ്ത്ര-നിരീക്ഷണ പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിന്.
* കുട്ടികളുടെ സർഗാത്മകത വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

# വിദ്യാലയത്തിന്റെ ലഘുചരിത്രം

. തിരുവനന്തപുരത്ത് നിന്ന് ഒരു മലനാടൻ ഗ്രാമത്തിൻ വിജ്ഞാനത്തിന്റെ വിളക്കായി മാറിയ ചരിത്രമാണ് തച്ചോണം LPS സ്കൂളിന്റേത്. അനേകം വർഷം മുമ്പ് കുട്ടികൾ ഉൾപ്പെടെ നിറഞ്ഞ തച്ചോണത്തിന്റെ ചരിത്രത്തിൽ അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നു നൽകിയത് 1982-83 ലായിരുന്നു. ഗ്രാമീണ ജനങ്ങളും സാധാരണക്കാരുമടങ്ങിയ ഈ മലനാടൻ ഗ്രാമത്തിൽ ഒരു സരസ്വതി വിദ്യാലയം വേണമെന്ന ആശയമാണ് ഇതിന് തുടക്കമായത് അവർ സ്ഥാപിച്ചത്.

ഈ വിദ്യാലയത്തിന്റെ സ്ഥാപക മാനേജർ ശ്രീ. സതീശൻ ആയിരുന്നു. അവർക്കുള്ള അക്ഷീണമായ പ്രവർത്തനവും കഠിനാധ്വാനവും ആയിരുന്നു നാടിന്റെ സ്വന്തം പാഠശാലയുടെ വളർച്ചയ്ക്ക് വഴിയൊരുക്കിയത്. ആദ്യം കാലത്ത് പഞ്ചായത്തിലെ തച്ചോണം വാർഡിലെ ഇടങ്ങൾ കൂടി പഞ്ചായത്തിലുൾപ്പെടുത്തിയപ്പോൾ തച്ചോണം, മച്ചത്ത, ആഴാവിള എന്നി പ്രദേശങ്ങളിലെ കുട്ടികൾക്ക് പ്രൈമറി വിദ്യാഭ്യാസം നേടാനുള്ള ഏക ആശ്രയമായിരുന്നു. 1985-86 -ൽ നാലാം ക്ലാസ് നിലവിൽ വന്നു.

കല്ല് വെട്ടിത്തേച്ച് കെട്ടിയുയർത്തിയ ഓല മേഞ്ഞ ഈ കലാലയത്തിന്റെ ആദ്യ ചിത്രം. 120 വിദ്യാർത്ഥികളും 3 അധ്യാപകരുമായി പ്രവർത്തനമാരംഭിച്ച ഈ സ്കൂൾ പള്ളിക്കൂടം ഇന്ന് തിരുവനന്തപുരം ജില്ലയിലെ അറിയപ്പെടുന്ന സ്ഥാപനങ്ങളിലൊന്നായി മാറിക്കഴിഞ്ഞു. ഷിബു രാജ്. ജി ആയിരുന്നു ഈ പാഠശാലയിലെ ആദ്യ വിദ്യാർത്ഥി. സേവനകാലത്ത് കരുത്തനായിരുന്ന ശ്രീ ചന്ദ്രശേഖരപിള്ള ആയിരുന്നു പ്രഥമാധ്യാപകൻ. ശ്രീ. മാധവൻപിള്ള ആയിരുന്നു P.T.A പ്രസിഡന്റ്. ശ്രീ. അജേഷ് MS നിലവിലെ P.T.A പ്രസിഡന്റ്.

ഇപ്പോൾ നിലവിലുള്ള നാട്ടുകാരുടെയും P.T.A പ്രസിഡന്റ് മാനേജ്മെന്റിന്റെയും മികച്ച പിന്തുണയോടെ മികച്ച വിദ്യാഭ്യാസത്തിനായി പ്രൈമറി ക്ലാസുകൾ, ഇന്ന് മുതൽ

നാലുവരെ ഇംഗ്ലീഷ്, മലയാളം മീഡിയം തുടങ്ങിയവ
നൽകിവരുന്നു. പഠനപ്രവർത്തനങ്ങളോടൊപ്പം നിര
ന്തരമായി സ്കൂളിൽ നടന്നു വരുന്നു. സയൻസ് ക്ലബ്ബ്,
ഗണിത ക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ്, വിദ്യാരംഗം ക്ലബ്ബ്
തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഇപ്പോൾ 5 ഡിവിഷനുകൾ,
നഴ്സറി Class- L.K.G, U.K.G സെക്ഷനുകളും പ്രവർത്തിച്ചുവരുന്നു

# മധുരം മലയാളം

ഒന്ന് രണ്ട് ക്ലാസുകളിലെ കുട്ടികൾക്കായി നടത്തുന്ന ഒരു പരിപാടിയാണ് മധുരം മലയാളം. കുഞ്ഞുകഥകൾ കവിതകൾ ആസ്വദിച്ച് വായിക്കാനും. അവർക്ക് മനസിലായ ആശയങ്ങൾ പ്രകടിപ്പിക്കാനും കഴിഞ്ഞു. കുട്ടികളിൽ ആത്മവിശ്വാസത്തോടെയുള്ള വായന സാധ്യമാക്കാനും വായിക്കാനുള്ള ആവേശം വർധിപ്പിക്കാനും ഇതിലൂടെ കഴിഞ്ഞു.

## പ്രവർത്തന ഘട്ടങ്ങൾ

- പ്രവർത്തനം എസ്. ആർ. ജി യിൽ അവലോകനം ചെയ്യുന്നു.
- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- ക്ലാസ് പി. ടി. എ യിൽ അവലോകനവും വിശദീകരണവും
- കുട്ടിയും രക്ഷിതാവും ചേർന്ന് വായന ആരംഭിക്കുന്നു.
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം നടത്തുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരമൊരുക്കുന്നു.
- സർഗശേഷി വികസനത്തിന് അവസരം
  ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങ-

ദിലേക്ക് മാറുന്നതിന് സാധ്യത ഒരുക്കുന്നു

- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു

## വിലയിരുത്തൽ

മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്.

രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്

വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

ചുമതല : ക്ലാസ് ടീച്ചർ, H.M, PTA.

## സംയുക്ത ഡയറി

രക്ഷിതാവിന്റെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതാൻ സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികാസം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. ഭാഷാ പഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികാസം സാധ്യമാകുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് ഇതിലൂടെ സാധ്യമാകുന്നു

# ഭാഷോത്സവം

രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരും ആക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ഉദ്ദേശ്യലക്ഷ്യം. കുട്ടികളുടെ മികവുകൾ പ്രകടിപ്പിക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

## ലക്ഷ്യപ്രസ്താവനകൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര്യമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു
- കുട്ടികളുടെ സ്വതന്ത്ര രചനക്ക് സാധ്യത ഒരുക്കുന്നു.
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നു.
- ഭാഷാ ജ്ഞാനം അനുഭവവേദ്യമാക്കുന്നതിന് സഹായിക്കുന്നു.
- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു.
- ആശയപൂർണ്ണതയോടെ തനതായ രചനകൾ നടത്താൻ കഴിയുന്നു.

അനുഭവങ്ങൾ വർത്തമാനപ്പത്രത്തിൽ എഴുതുന്നു.

- ചിത്രങ്ങൾ ശേഖരിക്കുന്നു
- അധ്യാപികയുടെ നേതൃത്വത്തിൽ ആവശ്യമായ മീറ്റിംഗ് നടക്കുന്നു.
- ക്ലാസിൽ ചാർട്ട് തയ്യാറാക്കൽ
- അസംബ്ലിയിൽ പ്രസിദ്ധീകരിക്കുന്നു.

## വിലയിരുത്തൽ

വ്യത്യസ്തവും ആകർഷകവുമായ രീതിയിൽ അനുകരണം ഉലയ്ക്ക് നടപ്പിലാക്കിയിട്ടുണ്ട്. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്. കൂട്ടപ്പുത്തിനുള്ള സഹായം ഉറപ്പാക്കി വിവിധ നിലവാരക്കാരെ പരിഗണിക്കാൻ കഴിഞ്ഞു. അനുഭവപ്പെടും വിധം വിവിധ ശേഷികൾ ബോധ്യമെന്ന് ആണ് രക്ഷിതാക്കളിൽ എത്തിച്ചിട്ടുണ്ട്.

ചുമതല : ക്ലാസ് ടീച്ചർ, H.M. PTA.

# ക്ലാസ് പത്രം

രണ്ടാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട് ഒരു പഠനതന്ത്രമാണ് ക്ലാസ് പത്രം. ഓരോ കുട്ടിയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്ന് പോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ് പത്രം സഹായിക്കുന്നു. ക്ലാസിലെ കുട്ടികളുടെ ഒരു പ്രതിഫലനമാണ് ക്ലാസ് പത്രം. ഒരു പത്രത്തിന്റെ ഘടന മനസിലാക്കി വ്യത്യസ്തയിനം ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താൻ ഈ പ്രവർത്തനത്തിലൂടെ കഴിയുന്നു.

## ലക്ഷ്യപ്രസ്താവനകൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും രസകരവുമായി അവതരിപ്പിക്കുന്നു
- രചനാശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠനപ്രവർത്തനങ്ങളിലൂടെ ഭാഷാപഠനം സാധ്യമാകുന്നു.
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശേഖരിച്ച് തെറ്റില്ലാതെ ഭാഷയിൽ എഴുതാൻ കഴിവ് നേടുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്ന് പോകാതെ എഴുതാൻ കഴിയുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

ക്ലാസ് പത്രം ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും SRG യിൽ അവതരണം (August അഞ്ചാം)

ക്ലാസ് പി.ടി.എ യിൽ അവതരണം

കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ

## പ്രവർത്തന ഘട്ടങ്ങൾ

- ഭാഷോത്സവം SRG യിൽ അവതരണം
- PTA യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.
- ജനപ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.
- ജനുവരിയിൽ ഭാഷോത്സവം സംഘടിപ്പിക്കുന്നു.

## വിലയിരുത്തൽ

ലക്ഷ്യപ്രാപ്തിക്കുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

മികവുകൾ സമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കാൻ തരത്തിൽ കുട്ടികളെ പ്രാപ്തരാക്കിയിട്ടുണ്ട്.

കുട്ടികളുടെ രചനകൾ ചേർത്ത് കൈയെഴുത്ത് പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.

വായനാകുറിപ്പുകൾ നിർമ്മിച്ചിട്ടുണ്ട്

ചുമതല - SRG, PTA, HM